(സി) വകുപ്പുതല ഓഡിറ്റ് പരിശോധനയിലൂടെയും വകുപ്പുതല അന്വേഷണങ്ങളിലൂടെയും പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ കണ്ടെത്തി കർശനമായ മേൽനടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയർ ദുരുപയോഗ സാധ്യത ഒഴിവാക്കുന്നതിനായുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പും ധനകാര്യ വകുപ്പും സ്വീകരിച്ചു വരുന്നു. ഓരോ ഉദ്യോഗതലത്തിലും അനുവദിക്കപ്പെട്ടിട്ടുള്ള User ID -യും Password-ഉം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ കൈകാര്യം ചെയ്യേണ്ടതും ആയത് മേലധികാരികൾ പരിശോധിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും നൽകിയിട്ടുണ്ട്.

പട്ടികഗോത്ര വിഭാഗങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ

26(*56) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) സർക്കാരിന്റെ പ്രായോഗികമായ ഇടപെടൽമൂലം പട്ടിക ഗോത്ര വിഭാഗങ്ങളിലെ സ്ത്രീകൾക്കിടയിലുണ്ടായ സാമൂഹ്യമാറ്റങ്ങൾ എന്തെല്ലാമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സാമൂഹ്യപഠനമുറി

2) ഗോത്രബന്ധു

3) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം

4) പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

5) സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി

6) ലാപ്ടോപ്പ് വിതരണം

7) വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്

8) പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തൽ

9) തൊഴിലും നൈപുണ്യ പരിശീലനവും

10) പി.കെ. കാളൻ കുടുംബ പദ്ധതി

11) ഗോത്രവാത്സല്യനിധി

12) മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

13) അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

എ) അടിസ്ഥാനസൗകര്യങ്ങൾ

ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ടൈബൽ പ്ലസ് പദ്ധതി (മേൽ പറഞ്ഞ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്).*

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സ്ത്രീകൾക്ക് കൂടുതൽ മുൻഗണന നൽകുന്നതിലൂടെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കിടയിലുണ്ടായ സാമൂഹ്യ മാറ്റങ്ങൾ സംബന്ധിച്ച് പ്രത്യേക വിലയിരുത്തൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നു. (പട്ടികവർഗ്ഗ വനിതകൾക്കായുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു).*

(സി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി വിദ്യാഭ്യാസം, പാർപ്പിടം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി കാര്യക്ഷമത ഉറപ്പുവരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാർക്ക് ആധുനിക തൊഴിൽ മേഖലകളിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ പ്രത്യേകം പരിശീലനം നൽകി വിവിധ വ്യവസായ സ്ഥാപനങ്ങളിൽ നിയമിച്ചു വരുന്നു. കൂടാതെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വെർച്വൽ ടൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്